● ലേഖനം

● നാസിഹ്

# വിധിനിർണയിച്ച ബദ്ർ

**വിധിനിർണായക** ദിനം/സത്യാസത്യ വിവേചകദിനം എന്നാണ് ബദ്ർ ദിനത്തെ ഖുർആൻ വിശേഷിപ്പിക്കുന്നത്. ചരിത്രത്തിലെ ഒരു നിർണായക സന്ധിയായിരുന്നു അത്. സത്യവും അസത്യവും ഏറ്റുമുട്ടിയ ദിനം. ഇസ്‌ലാമിക സമൂഹത്തിന്റെ നിലനിൽപുപോലും റമദാൻ പതിനേഴിലെ ആ നിർണായക പോരാട്ടത്തെ ആശ്രയിച്ചായിരുന്നു. ആൾബലവും ആയുധ ബലവും കുറവായിരുന്നിട്ടും ആദർശത്തിന്റെയും വിശ്വാസത്തിന്റെയും കരുത്തുകൊണ്ട് മുസ്‌ലിംകൾ നേടിയ മഹത്തായ വിജയമാണ് ബദ്ർ സ്മരണയെ അനശ്വരമാക്കുന്നത്.

ഒരു യുദ്ധത്തിന് ആവശ്യമായ ആൾബലമോ ആയുധ സാമഗ്രികളോ ഇല്ലാതെയായിരുന്നു മുഹമ്മദ് നബി(സ)യും അനുചരന്മാരും മദീനയിൽനിന്ന് പുറപ്പെട്ടത്. ആയിരത്തിലേറെ വരുന്ന ഖുറൈശിപ്പടയെ നേരിടാൻ വെറും മൂന്നൂറ്റിപ്പതിമൂന്ന് (ചില റിപ്പോർട്ടുകളനുസരിച്ച് മുന്നൂറ്റി പതിനേഴ്) പേർ മാത്രം. അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ സിറിയയിൽനിന്ന് മക്കയിലേക്കു മടങ്ങുന്ന കച്ചവടസംഘത്തെയോ അതിനെ രക്ഷിക്കാൻ അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ മക്കയിൽനിന്ന് പുറപ്പെട്ട ഖുറൈശിപ്പടയെയോ നേരിടേണ്ടതെന്ന പ്രശ്നമുത്ഭവിച്ചപ്പോൾ കച്ചവടസംഘത്തെ നേരിടുകയായിരുന്നു എളുപ്പമെങ്കിലും സൈന്യത്തെ നേരിടാനാണ് പ്രവാചകൻ അനുയായികളോട് കൂടിയാലോചിച്ച് തീരുമാനിച്ചത്. ഖുറൈശിപ്പടയെ ചെറുത്തു തോൽപിക്കേണ്ടത് മദീനയിൽ പുതുതായി രൂപംകൊണ്ട ഇസ്‌ലാമിക സമൂഹത്തിന്റെ നിലനിൽപിന് അനിവാര്യമായിരുന്നു.

മക്കയിൽ വെച്ച് ഇസ്‌ലാമിനെ നിഷ്കാസനം ചെയ്യാൻ ആവുംവിധം ശ്രമിച്ച ശത്രുക്കൾ മുസ്‌ലിംകൾ മക്കയിൽനിന്ന് പലായനം ചെയ്ത് മദീനയിലെത്തുകയും അവിടെ ഒരു ഇസ്‌ലാമിക സമൂഹവും ഇസ്‌ലാമിക രാഷ്ട്രവും സ്ഥാപിതമാവുകയും ചെയ്തതോടെ ശത്രുത കുറക്കുകയല്ല; ശക്തിപ്പെടുത്തുകയാണ് ചെയ്തത്. മക്കയിലെ ഇസ്‌ലാമിനേക്കാൾ മദീനയിലെ ഇസ്‌ലാമാണ് തങ്ങളുടെ താൽപര്യത്തിനു ഭീഷണിയെന്ന് അവർ മനസ്സിലാക്കിയിരുന്നു. ഇസ്‌ലാം പൂർണമായും പ്രയോഗവത്കരിക്കപ്പെട്ടു കഴിഞ്ഞാൽ ജാഹിലീ വ്യവസ്ഥക്ക് നിലനിൽപില്ലെന്ന് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് ഖുറൈശികൾ മുഹമ്മദും(സ) അനുയായികളും അവരുടെ വിശ്വാസവുമായി എവിടെയെങ്കിലും പോയി തുലയട്ടെ എന്ന് കരുതി സമാധാനിക്കുന്നതിനു പകരം മക്കയിൽനിന്ന് പലായനം ചെയ്തവരെ തടയാൻ ശ്രമിച്ചത്. നബി(സ)യെ അവർ ആദ്യമായി ഒറ്റക്കെട്ടായി വധിക്കാൻ ശ്രമിച്ചതും ഹിജ്റ വേളയിലായിരുന്നുവല്ലോ. തുടർന്ന് മദീനയിലെ ഇസ്‌ലാമിക രാഷ്ട്രത്തിന് അവർ നിരന്തരം ഭീഷണി ഉയർത്തി. ഇടക്കിടെ അവർ മദീനയുടെ പരിസരത്തേക്ക് സൈനിക സംഘങ്ങളെ അയക്കുകയും അവർ അതിക്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഏതാനും മുസ്‌ലിംകളെ വധിക്കുകയും കാലികളെ കൊള്ളയടിച്ചുകൊണ്ടുപോകുകയും ചെയ്ത അനുഭവവുമുണ്ടായി. മുസ്‌ലിംകളെ ഒരു യുദ്ധത്തിലേക്ക് എടുത്തെറിയാൻ ഉദ്ദേശിച്ചുള്ള പ്രകോപനമായിരുന്നു ഇതെല്ലാം. യുദ്ധമുണ്ടായാൽ തങ്ങൾക്ക് വിജയം സുനിശ്ചിതമാണെന്നും അതോടെ ഇസ്‌ലാമിന്റെ കഥ കഴിക്കാമെന്നുമായിരുന്നു ശത്രുക്കളുടെ കണക്കുകൂട്ടൽ. മക്കയിൽ മുഹാജിറുകൾ വിട്ടേച്ചുപോയ സ്വത്തുക്കൾ അവർ കൈയടക്കി. പലായനം ചെയ്യാൻ സാധിക്കാത്ത മുസ്‌ലിംകളെ പീഡിപ്പിക്കുകയും ചെയ്തു. മദീനയിൽനിന്ന് ഉംറ നിർവഹിക്കാൻ ചെന്ന മുസ്‌ലിംകളെ തടയാനുള്ള ശ്രമവുമുണ്ടായി. മക്കാ മുശ്‌രിക്കുകളുടെ അതിക്രമങ്ങൾക്കു തടയിടാൻ അവരെ സൈനികമായി നേരിടേണ്ട സാഹചര്യമായിരുന്നു അത്. ഇസ്‌ലാമിക രാഷ്ട്രത്തിനെതിരെയുള്ള ആക്രമണങ്ങളെ നേരിടാൻ അത് സൈനികമായി സജ്ജമാണെന്ന് ശത്രുക്കളെ ബോധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു. അതിനാൽ മുസ്‌ലിംകളുടെ ചെറിയ സൈനിക സംഘങ്ങൾ മദീനയുടെ പരിസരങ്ങളിൽ പര്യടനം നടത്താൻ തുടങ്ങിയിരുന്നു. മക്കക്കും സിറിയക്കുമിടയിലെ വ്യാപാരമാർഗം മദീനയുടെ പ്രാന്തത്തിലൂടെയായതിനാൽ ഇത് ഖുറൈശികളിൽ അസ്വസ്ഥതയുണ്ടാക്കി. എന്നാൽ അക്രമങ്ങൾ അവസാനിപ്പിച്ച് മുസ്‌ലിംകളെ മദീനയിലെങ്കിലും അവരുടെ ആദർശമനുസരിച്ച് ജീവിക്കാനനുവദിക്കുന്നതിനു പകരം ശത്രുക്കൾ മദീനയിലെ ഇസ്‌ലാമിക രാഷ്ട്രത്തെ തുടച്ചുനീക്കാനാണ് ശ്രമിച്ചത്. അതിനായി അവർ സമ്പത്തും ആയുധങ്ങളും സംഭരിക്കാൻ തുടങ്ങി. അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ സിറിയയിൽനിന്ന് മക്കയിലേക്ക് തിരിച്ച കച്ചവടസംഘവും അതിന്റെ ഭാഗം കൂടിയായിരുന്നു. മദീനയുടെ സമീപത്തുവെച്ച് ആക്രമിക്കപ്പെട്ടേക്കുമോ എന്ന് ഭയന്ന അബൂസുഫ്‌യാൻ സഹായത്തിനായി മക്കയിലേക്ക് ആളെ അയച്ചപ്പോൾ ഇതുതന്നെ പറ്റിയഅവസരം എന്ന് കണക്കാക്കി അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ഖുറൈശിപ്പട സർവായുധ സന്നാഹങ്ങളുമായി മദീനാ രാഷ്ട്രത്തെ ഉന്മൂലനം ചെയ്യാൻ ഒരുങ്ങിപ്പുറപ്പെടുകയായിരുന്നു. ലക്ഷ്യം ഇസ്‌ലാമിക രാഷ്ട്രവും അതിനകത്തെ മുസ്‌ലിംകളുമായതിനാലാണ് കച്ചവടസംഘം മക്കയിൽ സുരക്ഷിതമായി തിരിച്ചെത്തിയിട്ടുണ്ടെന്ന വിവരം ലഭിച്ചിട്ടുപോലും ഖുറൈശിപ്പട പിന്മാറാൻ തയാറാകാതെ മുസ്‌ലിംകൾക്കുനേരെ കുതിച്ചത്. അംഗസംഖ്യയിൽ കുറവായിരുന്നിട്ടും നബി(സ)യും അനുയായികളും ശത്രുസേനയെ നേരിടാൻ തന്നെ ഉറച്ച് ബദ്റിലേക്ക് തിരിച്ചപ്പോൾ ചരിത്രത്തിലെ നിർണായകമായ ആ സത്യാസത്യ സമരത്തിന് കളമൊരുങ്ങുകയായിരുന്നു.

റമദാൻ പതിനേഴിന് ഇരു വിഭാഗവും ബദ്ർ താഴ്‌വരയിൽ ഏറ്റുമുട്ടുകയും വിശ്വാസികൾ വിജയം വരിക്കുകയും ചെയ്തു. ഭൗതിക മാനദണ്ഡങ്ങളനുസരിച്ച് ഖുറൈശികളായിരുന്നു ജയിക്കേണ്ടിയിരുന്നത്. ആയുധബലവും ആൾബലവും അവർക്കായിരുന്നുവല്ലോ കൂടുതൽ. ഒരു മുസ്‌ലിം പോരാളിയെ ചുരുങ്ങിയത് മൂന്നുപേർക്ക് നേരിടാൻ കഴിയുംവിധം വേണ്ടത്ര ഭടന്മാർ ഖുറൈശികൾക്കുണ്ടായിരുന്നു. ഒട്ടകങ്ങളും കുതിരകളും

ആയുധങ്ങളുമെല്ലാം കൂടുതലുണ്ടായിരുന്നത് അവർക്കുതന്നെയായിരുന്നു. പക്ഷേ, മുസ്‌ലിംകൾക്കു ലഭിച്ച ദൈവിക സഹായത്തിനു മുമ്പിൽ അവയെല്ലാം നിഷ്പ്രഭമായി. അബൂജഹ്‌ലടക്കം ശത്രുസേനയിലെ 70 പേർ കൊല്ലപ്പെടുകയും 70 പേർ തടവിലാവുകയും ചെയ്തു.

വിജയത്തിന്റെ മാനദണ്ഡം അല്ലാഹുവിനുള്ള സമർപ്പണവും അനുസരണവുമാണെന്ന് ബദ്ർ തെളിയിക്കുന്നു. വിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിലാണ് പോരാടിയതെന്നും മറ്റേത് നിഷേധിക്കൂട്ടമായിരുന്നുവെന്നും ഖുർആൻ പറയുന്നുണ്ട്. ജീവനും ജീവിതവും അല്ലാഹുവിന് സമർപ്പിച്ചായിരുന്നു ബദ്‌രീങ്ങൾ പടക്കളത്തിലേക്കിറങ്ങിയത്. സ്വർഗമായിരുന്നു അവർ ലക്ഷ്യംവെച്ചത്. ദൈവിക സഹായത്തിന് ജീവിതംകൊണ്ട് അർഹത തെളിയിച്ചവരായിരുന്നു അവർ. നബി(സ) അല്ലാഹുവിനോട് കേണു പ്രാർഥിച്ചതുപോലെ, അന്ന് വിശ്വാസികളുടെ ആ ചെറുസംഘം പരാജയപ്പെടുകയാണെങ്കിൽ ഭൂമിയിൽ അല്ലാഹുവിന് ഇബാദത്ത് ചെയ്യാൻ ആരും അവശേഷിക്കാതിരിക്കലാകുമായിരുന്നു അതിന്റെ അനന്തര ഫലം. ആ നിർണായക ഘട്ടത്തിൽ അതിനാൽ ദൈവികമായ ഇടപെടലുണ്ടായി. മുസ്‌ലിംകൾക്ക് അനുഗ്രഹമായും നിഷേധികൾക്ക് ദുരിതമായും അല്ലാഹു മഴ വർഷിപ്പിച്ചു. ശത്രുക്കളുടെ എണ്ണം കുറച്ചു കാണിച്ചുകൊണ്ട് വിശ്വാസികൾക്ക് അവൻ ആത്മവിശ്വാസവും ധൈര്യവും വർധിപ്പിച്ചുകൊടുത്തു. മലക്കുകളെ ഇറക്കിയും അല്ലാഹു തന്റെ മാർഗത്തിൽ പോരാടുന്നവരെ സഹായിച്ചു.

ഭൗതികമായി തങ്ങൾക്ക് സാധ്യമായ സന്നാഹങ്ങളെല്ലാം ഒരുക്കിയ ശേഷമാണ് നബി(സ)യും അനുചരന്മാരും അല്ലാഹുവിന്റെ സഹായം തേടിയത്. ശത്രുക്കളുടെ നീക്കങ്ങളറിയാൻ നബി(സ) തന്നെ ഏതാനും സഹചാരികളോടൊപ്പം പുറപ്പെട്ടിറങ്ങി. തങ്ങൾ മുസ്‌ലിംകളാണെന്ന് തിരിച്ചറിയാതിരിക്കാൻ തന്ത്രപൂർവമാണ് അവർ വഴിയിൽ കണ്ടവരോട് സംസാരിക്കുകയും ശത്രുക്കളെ കുറിച്ച വിവരം ശേഖരിക്കുകയും ചെയ്തത്. ബദ്റിൽ താവളമടിച്ചപ്പോഴും മുസ്‌ലിംകൾ തികഞ്ഞ ആസൂത്രണപാടവം പ്രകടമാക്കി. താഴ്‌വരയുടെ മുകൾ ഭാഗത്ത് ഒരു നീരുറവക്കടുത്താണ് മുസ്‌ലിം സേന താവളമടിച്ചത്. ആവശ്യത്തിന് വെള്ളം ലഭിച്ചതിനു പുറമെ മഴ പെയ്തപ്പോൾ മണ്ണുറച്ച് പോരാട്ടത്തിന് സഹായകമായി ത്തീരാനും അത് കാരണമായി. മറുഭാഗത്ത് ശത്രുക്കൾ നിലയുറപ്പിച്ച സ്ഥലം മഴ പെയ്തപ്പോൾ ചളിയായി മാറിയതിനാൽ അവർക്കത് വലിയ പ്രയാസം സൃഷ്ടിക്കുകയുണ്ടായി. അൻസ്വാരിയായ ഹുബാബ്നുൽ മുൻദിറി(റ)ന്റെ അഭിപ്രായം സ്വീകരിച്ചാണ് നബി(സ) ഈ സ്ഥലത്ത് താവളമടിക്കാൻ നിർദേശിച്ചത്. നേരത്തേ അതിന്റെ താഴ്ഭാഗത്തായിരുന്നു താവളമടിച്ചിരുന്നത്. യുദ്ധതന്ത്രത്തിന്റെ ഭാഗമായി നബി(സ) സ്വാഭിപ്രായപ്രകാരം തെരഞ്ഞെടുത്തതാണ് ആ സ്ഥലമെന്നും അത് അല്ലാഹുവിന്റെ നിർദേശമനുസരിച്ചല്ലെന്നും ചോദിച്ചു മനസ്സിലാക്കിയ ആ സ്വഹാബി ഏറ്റവും അനുയോജ്യമായ സ്ഥലം മുകൾ ഭാഗത്താണെന്ന് നബി(സ)യെ ബോധ്യപ്പെടുത്തുകയും നബി(സ) വൈമനസ്യം കൂടാതെ അത് സ്വീകരിക്കുകയുമായിരുന്നു.

അനുയായികളുമായി കൂടിയാലോചിച്ചും അവരുടെ പിന്തുണ ഉറപ്പുവരുത്തിയുമാണ് നബി(സ) ബദ്റിലേക്ക് പുറപ്പെട്ടതുതന്നെ. തികഞ്ഞ അച്ചടക്കവും സമർപ്പണവും അനുസരണവുമാണ് സ്വഹാബിമാർ ബദ്റിൽ പ്രകടിപ്പിച്ചത്. മൂസാ നബി(അ)യുടെ അനുയായികൾ പറഞ്ഞതുപോലെ നീയും നിന്റെ റബ്ബും പോയി യുദ്ധം ചെയ്തോളൂ ഞങ്ങളിവിടെ ഇരിക്കുകയാണ് എന്ന് ഞങ്ങൾ ഒരിക്കലും പറയില്ലെന്നു പ്രഖ്യാപിച്ച മിഖ്ദാദുബ്നുൽ അംറും(റ) നബി(സ) കൽപിച്ചാൽ കടൽ താണ്ടിക്കടക്കാനും ഞങ്ങൾ തയാറാണെന്നു പറഞ്ഞ സഅ്ദുബ്നു മുആദും(റ) മുഴുവൻ സ്വഹാബിമാരുടെയും മനോവികാരമാണ് അതിലൂടെ വെളിപ്പെടുത്തിയത്.

കേവലം മുന്നൂറിലധികമുള്ള തങ്ങൾക്ക് ആയിരത്തിലേറെ വരുന്ന സർവായുധസജ്ജരായ ശത്രുക്കളെയാണ് നേരിടേണ്ടതെന്ന തികഞ്ഞ ബോധം അവർക്കുണ്ടായിരുന്നു. ദൈവ പ്രീതിയും സ്വർഗവും കൊതിച്ചുവന്ന അവർക്ക് അതൊരു പ്രശ്നമേയായില്ല. ചവച്ചു കൊണ്ടിരുന്ന കാരക്ക തിന്നുതീർക്കാൻ പോലും കാത്തുനിൽക്കാതെ അത് തുപ്പിക്കളഞ്ഞ് രണാങ്കണത്തിലേക്ക് എടുത്തു ചാടി രക്തസാക്ഷ്യം വരിച്ച ഉമൈറുബ്നുൽ ഹുമാമും(റ) രക്തസാക്ഷിയാകാനുള്ള മോഹത്താൽ പടയങ്കിപോലും ഊരിയെറിഞ്ഞ് പോരാടി ലക്ഷ്യം നേടിയ ഔഫുബ്നുൽ ഹാരിസും(റ) സ്വഹാബിമാരുടെ അപ്പോഴത്തെ വികാരമെന്തായിരുന്നുവെന്ന് വ്യക്തമാക്കുന്നു. അവരിൽ പതിനാലു പേർക്ക് രക്തസാക്ഷികളാകാനുള്ള ഭാഗ്യം ലഭിച്ചു.

സാധ്യമായതെല്ലാം ചെയ്തശേഷം അവയിൽ വിശ്വാസമർപ്പിക്കുന്നതിനു പകരം അല്ലാഹുവിന്റെ സഹായം തേടുകയാണ് നബി(സ)യും അനുയായികളും ചെയ്തത്. അംഗബലമോ സായുധശേഷിയോ അല്ല അല്ലാഹുവിന്റെ സഹായമാണ് വിജയത്തിന്റെ നിദാനമെന്ന സന്ദേശമാണ് അവർ അതിലൂടെ നൽകിയത്. റസൂൽ(സ) അല്ലാഹുവിന്റെ മുമ്പിൽ ഇരുകൈകളും ഉയർത്തി ദീർഘമായി പ്രാർഥിച്ചുകൊണ്ടിരുന്നു. യുദ്ധത്തിന്റെ തലേരാത്രിയിൽ ശത്രുസൈന്യം പാട്ടും കൂത്തും മദ്യപാനവുമായി ആഘോഷത്തിലാറാടുമ്പോൾ വിശ്വാസികൾ നമസ്കാരത്തിലും പ്രാർഥനയിലും ദൈവസ്മരണയിലും മുഴുകിയിരിക്കുകയായിരുന്നു. ശത്രുക്കളുടെ വൻപടക്കു മുമ്പിലും വിശ്വാസത്തിന്റെ കരുത്തുകാരണം ആ ചെറു സംഘത്തിന് ആ രാത്രിയിൽ ശാന്തമായുറങ്ങാനും സാധിച്ചു. ബദ്‌രീങ്ങളുടെ വിശ്വാസവും പരലോകബോധവും സ്വർഗമോഹവും ത്യാഗവും സമർപ്പണവും നേതൃത്വത്തോടുള്ള അനുസരണവുമാണ് അവരെ ദൈവിക സഹായത്തിനും അതിലൂടെ മഹത്തായ വിജയത്തിനും അർഹരാക്കിയത്. മറ്റെന്തെല്ലാമുണ്ടെങ്കിലും ഈ ഉപാധികൾ മുഴുവൻ പൂർത്തിയാക്കാതെ വിജയം വരിക്കാനാവില്ലെന്ന് പിന്നീട് ഉഹുദും ഹുനൈനും മറ്റും തെളിയിക്കുകയുണ്ടായി. ■